## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.8000 — 16.7.2014-ൽ മറുപടിയ്ക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കാര്യക്ഷമമല്ലാതെ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളോടും കമ്പനി മേധാവികളോടും ഈ സർക്കാർ സ്വീകരിക്കുന്ന നയം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ കമ്പനി മേധാവികൾക്ക് നൽകുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഹ്രസ്വ-ദീർഘകാല പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ ധനസഹായവും പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ നിരീക്ഷണവും അവലോകനവും നടത്തിവരികയും ചെയ്യുന്നു. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും അവലോകനത്തിനുമുള്ള സമിതിയായ റിയാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്; റിയാബിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തി, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി റിയാബിന്റെ ഗവേർണിംഗ് ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം പാലിക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) ഉണ്ട്; പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ ആവശ്യകതയും, പ്രായോഗ്യ ക്ഷമതയും, കമ്പനികൾക്കുണ്ടാകുന്ന ഗുണങ്ങളും റിയാബ് മുഖേന വിശദമായി പരിശോധിച്ച്, സാദ്ധ്യമായവ വർക്കിംഗ് ഗ്രൂപ്പ് വഴി അംഗീകരിച്ചാണ് ആവശ്യമായ ധനസഹായം നൽകുന്നത്. |

(signature)

സെക്ഷൻ ഓഫീസർ